**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 477** **24-03-2025 - ൽ മറുപടിയ്ക്ക്**

**കോഴിക്കോട് മെഡിക്കൽ കോളേജിലെ പോസ്റ്റ് ഓപ്പറേറ്റീവ് കെയർ സംവിധാനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സനീഷ്കുമാർ ജോസഫ്,<br>ശ്രീ. ഐ. സി. ബാലകൃഷ്ണൻ ,<br>ശ്രീ. ടി. സിദ്ദിഖ് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കോഴിക്കോട് മെഡിക്കൽ കോളേജിൽ മാതൃശിശു സംരക്ഷണ കേന്ദ്രത്തിൽ ഗർഭാശയം നീക്ക ശസ്ത്രക്രിയയെ തുടർന്ന് ചികിത്സയിൽ കഴിഞ്ഞിരുന്ന സ്ത്രീ മരിച്ച സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | കോഴിക്കോട് ഐ.എം.സി.എച്ച് ലെ ആശുപത്രിയിൽ ചികിത്സ തേടിയിരുന്ന 57 വയസ്സുള്ള രോഗിയെ ആർത്തവ വിരാമത്തിന് ശേഷമുള്ള രക്തസ്രാവവും, ഗർഭാശയ ക്യാൻസറിന് മുന്നോടിയായുള്ള എൻഡോമെട്രിയൽ ഹൈപ്പർപ്ലേസിയ എന്ന രോഗാവസ്ഥയുമുള്ളതിനാൽ ഗർഭാശയവും, അണ്ഡാശയങ്ങളും നീക്കം ചെയ്യാനുള്ള ശസ്ത്രക്രിയയ്ക്ക് 04/03/2025 ന് അഡ്മിറ്റ് ചെയ്തു. ഈ രോഗി രക്തസമ്മർദ്ദവും, റുമറ്റോയ്ഡ് ആർത്രൈറ്റിസ് എന്ന രോഗത്തിന് വേണ്ടി സ്റ്റീറോയ്ഡ്, Methotreyate എന്ന മരുന്നും കഴിച്ചുകൊണ്ടിരുന്ന വ്യക്തിയാണ്. 07/03/2025 ന് താക്കോൽദ്വാര ശസ്ത്രക്രിയയിലൂടെ ഗർഭാശയവും, അണ്ഡാശയങ്ങളും നീക്കം ചെയ്തു. ഓപ്പറേഷന്റെ സമയത്തുതന്നെ ഗർഭാശയവും, കുടലും തമ്മിൽ ഒട്ടിച്ചേർന്ന ഭാഗം വിടർത്തുമ്പോൾ, വൻകുടലിന്റെ ഭാഗത്ത് ഒരു ക്ഷതം കണ്ടെത്തുകയും, അപ്പോൾ തന്നെ ജനറൽ സർജനെ വിളിച്ചുവരുത്തി ലാപ്രോസ്കോപ്പി വഴി ആ ക്ഷതം തുന്നിച്ചേർക്കുകയും ചെയ്തു. എന്നാൽ ലീക്ക് സംശയിച്ചതിനാൽ 10/03/2025 ന് ജനറൽ സർജൻമാർ അടിയന്തരമായി വയർ തുറന്ന് ശസ്ത്രക്രിയ ചെയ്യുകയും, കുടലിൽ തുന്നൽ ഇട്ട ഭാഗത്ത് ലീക്ക് കാണുകയും, ഫീക്കൽ പെരിറ്റൊണൈറ്റിസ് എന്ന അവസ്ഥ കണ്ടെത്തുകയും ആ ഭാഗത്ത് വേണ്ട ചികിത്സ ചെയ്യുകയും, രോഗിയെ വെന്റിലേറ്ററിലേക്ക് മാറ്റുകയും ചെയ്തു. എന്നാൽ രോഗിയുടെ അവസ്ഥ ഗുരുതരമാകുകയും 12/03/2025 ന് പുലർച്ചെ 5.25 മണി സമയത്ത് മരണമടയുകയും ചെയ്തു. |
| (ബി) | പ്രസ്തുത സംഭവത്തിൽ ആശുപത്രിയുടെ ഭാഗത്ത് വീഴ്ച സംഭവിച്ചിട്ടുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ; അറിയിക്കുമോ; | (ബി) | പത്രമാധ്യമങ്ങൾ വഴി വാർത്ത ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രി സൂപ്രണ്ട് (ചെയർമാൻ), പീഡിയാട്രിക്സ് സർജറി വകുപ്പ മേധാവി (കമ്മിറ്റി അംഗം), |

| | | | |
|---|---|---|---|
| | | | ഒബ്സ്റ്റട്രിക്സ് & ഗൈനക്കോളജി വകുപ്പ മേധാവി (കമ്മിറ്റി അംഗം) എന്നിവരെ ഉൾപ്പെടുത്തി അന്വേഷണ കമ്മിറ്റി രൂപീകരിച്ച് അടിയന്തരമായി അന്വേഷണം നടത്തി സമർപ്പിച്ച റിപ്പോർട്ട് മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ തലത്തിൽ പരിശോധിച്ച് വരുന്നു. |
| (സി) | സർക്കാർ ആശുപത്രികളിൽ പോസ്റ്റ് ഓപ്പറേറ്റീവ് കെയർ സംവിധാനങ്ങൾ മെച്ചപ്പെടുത്താൻ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ? | (സി) | സർക്കാർ ആശുപത്രികളിലെ പോസ്റ്റ് ഓപ്പറേറ്റീവ് കെയർ ഉൾപ്പെടെയുള്ളവ ശക്തിപ്പെടുത്തുന്നതിന് സർക്കാർ തലത്തിൽ നടപടി സ്വീകരിച്ച് വരുന്നുണ്ട്. ഇതിന്റെ ഭാഗമായി KIIFB, NABARD, Plan Fund, തുടങ്ങിയ ഫണ്ടുകൾ ഉപയോഗപ്പെടുത്തി ആവശ്യമായ നവീകരണ പ്രവർത്തനങ്ങളും നൂതനമായ ഉപകരണങ്ങളും സ്ഥാപിച്ച് വരുന്നുണ്ട്.<br><br>General Surgery, Obstetrics and Gynecology, ENT, Opthalmology, Orthopedics, ചില ജില്ലാ ജനറൽ ആശുപത്രികളിൽ Urology എന്നിങ്ങനെ വിവിധ സർജറി വിഭാഗങ്ങളുടെ ഭാഗമായി ഓപ്പറേഷൻ തീയറ്റർ പ്രവർത്തിക്കുന്നുണ്ട്. ഇവിടങ്ങളിലെല്ലാം തന്നെ പോസ്റ്റ് ഓപ്പറേറ്റീവ് പരിചരണം കാര്യക്ഷമമായി നടക്കുന്നുണ്ട്.<br><br>സർക്കാർ ആശുപത്രികളിലെ പോസ്റ്റ്-ഓപ്പറേറ്റീവ് പരിചരണം സാധാരണയായി ശസ്ത്രക്രിയയ്ക്ക് ശേഷം ശരിയായ ആരോഗ്യം വീണ്ടെടുക്കൽ ഉറപ്പാക്കാൻ ലക്ഷ്യമിട്ടുള്ള സ്റ്റാൻഡേർഡ് പ്രോട്ടോക്കോളുകൾ പാലിക്കുന്നു. ഈ പരിചരണ പ്രോട്ടോക്കോളുകളിൽ നിരീക്ഷണം, വേദന കൈകാര്യം ചെയ്യൽ, മുറിവ് പരിചരണം, അണുബാധ തടയൽ, പുനരധിവാസം എന്നിവ ഉൾപ്പെടുന്നു. ശസ്ത്രക്രിയയ്ക്ക് ശേഷം, ഉടനടി എന്തെങ്കിലും സങ്കീർണതകൾ ഉണ്ടോ എന്ന് ഉറപ്പ് വരുത്തുന്നതിനായി രോഗികളെ റിക്കവറി റൂമിലോ പോസ്റ്റ് ഒപി വാർഡിലോ വച്ച് സൂക്ഷ്മമായി നിരീക്ഷിക്കുന്നു.<br><br>ശസ്ത്രക്രിയാനന്തര പരിചരണത്തിന്റെ ഒരു പ്രധാന ഭാഗമാണ് പെയിൻ മാനേജ്മെന്റ്. ഓറൽ മെഡിക്കേഷനുകൾ അല്ലെങ്കിൽ ഇൻട്രാവീനസ് (IV) വേദന സംഹാരികൾ ഉൾപ്പെടെ നിർദ്ദേശിച്ച വേദന മരുന്നുകൾ ആവശ്യാനുസരണം ആശുപത്രി നൽകും. രോഗിയുടെ ആവശ്യങ്ങളും ശസ്ത്രക്രിയയുടെ തരവും അനുസരിച്ച് ഹെൽത്ത് കെയർ സ്റ്റാഫ്, ഡോസ് ക്രമീകരിക്കും. ചുവപ്പ്, നീർവീക്കം അല്ലെങ്കിൽ ഡിസ്ചാർജ് പോലുള്ള അണുബാധയുടെ ഏതെങ്കിലും ലക്ഷണങ്ങൾ ഉണ്ടോയെന്ന് ശസ്ത്രക്രിയാ |

| | | | |
|---|---|---|---|
| | | | സൈറ്റ് പതിവായി പരിശോധിക്കുകയും അതിനനുസരിച്ച് കൈകാര്യം ചെയ്യുകയും ചെയ്യുന്നു. ആവശ്യമെങ്കിൽ ആന്റിബയോട്ടിക്കുകൾ നൽകുന്നു. രോഗിയുടെ ആവശ്യാനുസരണം രോഗിക്ക് ഭക്ഷണവും നിർദ്ദേശിക്കപ്പെടുന്നു. ഗണ്യമായ വീണ്ടെടുക്കൽ സമയം അല്ലെങ്കിൽ പരിമിതമായ ചലനാത്മകത ഉൾപ്പെടുന്ന ശസ്ത്രക്രിയകൾക്ക്, ഫിസിയോതെറാപ്പിസ്റ്റുകൾ രോഗികളുടെ ശക്തിയും ചലനവും വീണ്ടെടുക്കുന്നുവെന്ന് ഉറപ്പാക്കുന്നു. ആശുപത്രി വിടുന്നതിനുമുമ്പ്, മുറിവ് പരിചരണം, മരുന്നുകൾ, പ്രവർത്തന നിയന്ത്രണങ്ങൾ, സങ്കീർണതകളുടെ മുന്നറിയിപ്പ് അടയാളങ്ങൾ എന്നിവയെക്കുറിച്ച് രോഗിക്ക് സാധാരണയായി വ്യക്തമായ നിർദ്ദേശങ്ങൾ നൽകുന്നു.<br><br>നിലവിലുള്ള പ്രോട്ടോകോളുകളോടൊപ്പം, അണുബാധ നിയന്ത്രണത്തിനായി ഇൻഫെക്ഷൻ കൺട്രോൾ സ്റ്റാഫ് നഴ്സുമാരേയും നിയോഗിച്ചിട്ടുണ്ട്. കൂടാതെ AMR (Antimicrobial Resistance) പ്രോഗ്രാമിന്റെ ഭാഗമായി എല്ലാ ജീവനക്കാർക്കും അണുബാധ നിയന്ത്രണത്തിനെ സംബന്ധിച്ചുള്ള പരിശീലനം നൽകുകയും ചെയ്യുന്നുണ്ട് .<br><br>മെഡിക്കൽ കോളേജ് ആശുപത്രികളിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന പോസ്റ്റ് ഓപ്പറേറ്റീവ് വാർഡുണ്ട്. ഗൈനക്കോളജി ഡിപ്പാർട്ടുമെന്റിന്റെ മേൽനോട്ടത്തിൽ ജൂനിയർ റസിഡന്റും, ഹൗസ് സർജനും 24 മണിക്കൂറും ഡ്യൂട്ടി എടുക്കുന്നു. പോസ്റ്റ് ഓപ്പറേറ്റീവ് വാർഡിൽ യൂണിറ്റ് ചീഫുമാരും ഡ്യൂട്ടി മെഡിക്കൽ ഓഫീസർമാരും മൂന്ന് നേരം റൗണ്ട്സ് എടുത്തുവരുന്നു. കൂടാതെ മെഡിക്കൽ കോളേജ് ആശുപത്രിയിലെ അനസ്തേഷ്യ വകുപ്പിലെ ഡോക്ടർമാരുടെ സേവനവും ഒരു ഫിസിഷ്യന്റെ സേവനം ഏർപ്പെടുത്തിയിട്ടുണ്ട്. മെഡിക്കൽ കോളേജ് ആശുപത്രിയിലെ ജനറൽ സർജറി വിഭാഗം അടക്കമുള്ള ബന്ധപ്പെട്ട വകുപ്പുകളിലെ ഡോക്ടർമാരുടെ സേവനം ആവശ്യമുള്ള പക്ഷം ഉറപ്പുവരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ